# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.11.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നീതിയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിക്കാൻ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് സാധിച്ചുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the Indian judiciary upholds the ideals of justice while adapting to changing circumstances.**

2. ഇന്ത്യൻ ഭരണഘടന നിയമസംഹിതയെ ന്നതിലുപരി രാജ്യ ത്തിൻറെ ജീവചൈതന്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C.P. Radhakrishnan says the Indian Constitution is more than a legal code and serves as the living spirit of the nation.**

3. ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിക്കാനും, 2047-ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി കൂട്ടായി പരിശ്രമിക്കാനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi calls for upholding the spirit of the Constitution and working collectively to build a Viksit Bharat by 2047.**

4. നടപ്പു വർഷം രാജ്യത്തെ ഭക്ഷ്യധാന്യ ഉത്പാദനം 378 ദശലക്ഷം ടണ്ണിലധികമെന്ന ചരിത്രനേട്ടം കൈവരിച്ചതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan says the country's foodgrain production achieves a historic milestone of over 378 million tonnes in the current year.**

5. കേരളത്തിൽ വ്യാപക മഴ തുടരും. ഒമ്പത് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Widespread rain continues in Kerala; yellow alert is in place today in nine districts and Lakshadweep. Fishing is banned along the Kerala–Lakshadweep coasts today and tomorrow.**

6. ഇന്ത്യ - ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ. വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ നാളെ മലേഷ്യയെ നേരിടും.

**The second cricket Test between India and New Zealand begins tomorrow; India faces Malaysia tomorrow in the Women's Asian Champions Trophy hockey semi-final.**

## PREZ-CONSTITUTION DAY

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നീതിയുടെ ആദർശങ്ങൾ ഉയർത്തിപ്പിടിക്കാൻ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് സാധിച്ചുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സുപ്രീം കോടതി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അവർ. സാങ്കേതികവിദ്യയും മാധ്യമങ്ങളും മാറുമ്പോഴും ജുഡീഷ്യൽ ഉത്തരവാദിത്തം കോടതികൾ ഉറപ്പാക്കി. കൊളോണിയൽ മനോഭാവം വെടിഞ്ഞ് സ്ഥാപനങ്ങളിൽ ഭാരതീയത പ്രതിഫലിക്കണമെന്നും, വേഗത്തിലുള്ള നീതിക്കായി ഭാരതീയ ന്യായ സംഹിത ശക്തിപ്പെടുത്തുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

## REV VP-CONSTITUTION DAY PROGRAMME (INTRO)

ഇന്ത്യൻ ഭരണഘടന നിയമസംഹിതയെന്നതിലുപരി രാജ്യത്തിൻറെ ജീവചൈതന്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ ഭരണഘടനാ ദിനാചരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോ. ബി.ആർ. അംബേദ്കറിനും ഭരണഘടനാ ശില്പികൾക്കും അദ്ദേഹം ആദരമർപ്പിച്ചു. 22 ഭാഷകളിൽ ഭരണഘടന പ്രകാശനം ചെയ്തത് ഇന്ത്യയുടെ ഭാഷാ വൈവിധ്യത്തെയും ജനാധിപത്യ

ത്തെയും ആഘോഷിക്കുന്നതാണെന്നും, ലോകത്ത് മറ്റെങ്ങും ഇത്രയധികം ഭാഷകളിൽ ഭരണഘടന ലഭ്യമല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

## PM-CONST.DAY

ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിക്കാനും, 2047-ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി കൂട്ടായി പരിശ്രമിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. പാർലമെന്റിനും കോടതികൾക്കും അപ്പുറത്തേക്ക് ഭരണഘടനയുടെ ചൈതന്യം വ്യാപിക്കണമെന്നും ഒരു ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു.

## HM-SAMVIDHAN GAURAV DIVAS

ഭരണഘടന കേവലമൊരു മാർഗ്ഗരേഖയല്ല, മറിച്ച് രാജ്യത്തിൻറെ പ്രതീക്ഷകളും മൂല്യങ്ങളും പ്രതിഫലിപ്പിക്കുന്ന രേഖയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ 'സംവിധാൻ ഗൗരവ് ദിവസ്' ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭരണഘടനയെ ആദരിക്കുക എന്നത് എല്ലാ ഇന്ത്യക്കാരുടെയും ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

## CM KERALAM-CONSTITUTION

രാജ്യത്തെ എല്ലാ പ്രശ്നങ്ങളെയും മുൻകൂട്ടിക്കണ്ട് അഭിസംബോധന ചെയ്ത സമാനതകളില്ലാത്ത ഭരണഘടനയാണ് ഇന്ത്യയുടേതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കേരള സർവകലാശാല സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹിക നീതിക്ക് വേണ്ടിയുള്ള സ്വാതന്ത്ര്യസമരത്തിൻറെ അടിത്തറയിലാണ് എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണഘടന നിർമ്മിച്ചതെന്നും, സാങ്കേതികവിദ്യ, ചിന്തകളെ നിയന്ത്രിക്കുന്ന കാലത്ത് സ്വതന്ത്രമായി

ചിന്തിക്കാനുള്ള ശേഷി നിലനിർത്തുകയാണ് വലിയ വെല്ലുവിളിയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## CONSTITUTION - AIR TVM

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം കൂട്ടായി വായിച്ചു. റീജിയണൽ ചാനൽ മാനേജർ ഡോ എ ജി ബൈജു പരിപാടിയ്ക്ക് നേതൃത്വം നൽകി.

## SHIVARAJ SINGH CHOUHAN

നടപ്പു വർഷം രാജ്യത്തെ ഭക്ഷ്യധാന്യ ഉത്പാദനം 378 ദശലക്ഷം ടണ്ണിലധികമെന്ന ചരിത്രനേട്ടം കൈവരിച്ചതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. മുൻ വർഷത്തെ അപേക്ഷിച്ച് 208 ലക്ഷം ടണ്ണിന്റെ വർധനവാണ് ഇത്തവണ ഉണ്ടായത്. തുടർച്ചയായ രണ്ടാം വർഷവും ലോകത്ത് ഏറ്റവും കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ തുടരുന്നതായി ശ്രീ ചൗഹാൻ വ്യക്തമാക്കി.

## SC-FSSAI-LABELS

പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളുടെ മുൻവശത്തുള്ള പോഷകാഹാര ലേബലിംഗ് കൂടുതൽ കൃത്യമാക്കാൻ FSSAI ക്ക് സുപ്രീം കോടതി നിർദ്ദേശം നൽകി. ഉപഭോക്താക്കൾക്ക് ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പിന്തുടരാൻ ഇത് സഹായിക്കുമെന്ന് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. ആകെ പഞ്ചസാര, പൂരിത കൊഴുപ്പ്, ഉപ്പ് എന്നിവയുടെ അളവ് പ്രത്യേകം എടുത്തുകാണിക്കണമെന്നും ഇവ മൂന്നിനും പ്രത്യേകം ചിഹ്നങ്ങൾ നൽകണമെന്നും കോടതി ഉത്തരവിട്ടു.

## PRESIDENT - KERALA

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. രാവിലെ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക് പോകുന്ന രാഷ്ട്രപതി, വൈദ്യരത്നം

ആയൂർവേദ കോളേജിൻറെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. വൈകിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. സന്ദർശനത്തിൻറെ രണ്ടാം ദിവസമായ വെള്ളിയാഴ്ച രാവിലെ ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിലെ പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ ശ്രീമതി.ദ്രൗപദി മുർമു മുഖ്യാതിഥിയാകും.

## RAJNATH- NDC COURSE (INTRO)

വികസിത രാഷ്ട്രമായി ഉയർന്നു വരാൻ കരുത്തുറ്റതും സാങ്കേതിക മികവുള്ളതുമായ ദേശീയ സുരക്ഷാ സംവിധാനത്തിൻറെ പിൻബലം രാജ്യത്തിന് ഉണ്ടായിരിക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ 66-ാമത് നാഷണൽ ഡിഫൻസ് കോളേജ് കോഴ്സിൻറെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുക യായിരുന്നു അദ്ദേഹം. സൈബർ ആക്രമണങ്ങൾ, സാമ്പത്തിക സമ്മർദ്ദ ങ്ങൾ, വിതരണ ശൃംഖലകളുടെ തടസ്സപ്പെടുത്തൽ എന്നിവയുൾപ്പെടയുള്ള പുതിയ യുദ്ധമുറകൾ ആഗോളതലത്തിൽ ഉയർന്നുവരുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.
(വോയിസ് ...)

## CRICKET-ASIA CUP

പുരുഷ ഏഷ്യ കപ്പ് റൈസിംഗ് സ്റ്റാർസ് ക്രിക്കറ്റ് ആദ്യ സെമിഫൈനലിൽ ഇന്ത്യ എ ക്കെതിരെ ശ്രീലങ്ക എ ക്ക് 318 റൺ വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ എ 50 ഓവറിൽ 317 റൺ എടുത്തു. ടോസ് നേടിയ ഇന്ത്യ എ ആദ്യം ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

## CRICKET

ഇന്ത്യ - ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ. ഇന്ത്യൻ സമയം പുലർച്ചെ 3.30 ന് കളി തുടങ്ങും. ക്രൈസ്റ്റ് ചർച്ചിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരം സമനിലയിൽ അവസാനിച്ചിരുന്നു.

## HOCKEY

വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ നാളെ മലേഷ്യയെ നേരിടും. ഭോപ്പാലിൽ വൈകുന്നേരം 7 മണിക്ക് കളി ആരംഭിക്കും. ജപ്പാനും ചൈനയും തമ്മിലാണ് രണ്ടാം സെമി.

## RAIN KERALA

സംസ്ഥാനത്ത് വ്യാപക മഴ തുടരും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയും മലപ്പുറം, കോഴിക്കോട് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## IFFI 26 - IICT STALL

57-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ നിർണ്ണായകമായ പങ്കാളിത്തത്തിലൂടെയും നൂതന പരിപാടികളിലൂടെയും ശ്രദ്ധേയമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസ്. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ സ്ഥാപിതമായ IICT, ആനിമേഷൻ, വിഷ്വൽ ഇഫക്റ്റുകൾ, ഗെയിമിംഗ്, എന്നീ മേഖലകൾക്കായി പ്രവർത്തിക്കുന്ന ദേശീയ തല സ്ഥാപനമാണ്. മേഖലകളിലെ വിപുലമായ തൊഴിൽ സാധ്യതകൾ, നൈപുണ്യ വികസന സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവുകളും ഇവിടെ പ്രദർശിപ്പിക്കുന്നു.

## IFFI-MASTERCLASS

ഗോവയിൽ നടക്കുന്ന 57-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഏഴാം ദിവസമായ ഇന്ന് ഹോമേജ് വിഭാഗത്തിൽ നടൻ നാനാ പടേക്കറിൻറെ ചിത്രം ദീക്ഷയുടെ പുതിയ പതിപ്പ് പ്രദർശിപ്പിച്ചു. നാഷണൽ ഫിലിം ആർക്കൈവ് ഓഫ് ഇന്ത്യ'യാണ് ചിത്രം പുനഃസ്ഥാപിച്ചത്. മേളയുടെ ഭാഗമായി "ഡീകോഡിംഗ് അക്കാദമി അവാർഡ്സ്" മാസ്റ്റർക്ലാസ് സെഷൻ സംഘടിപ്പിച്ചു. ഓസ്കാർ പുരസ്കാരങ്ങളുടെ തിരഞ്ഞെടുപ്പ് രീതികളും അണിയറ പ്രവർത്തനങ്ങളും ചലച്ചിത്ര പ്രവർത്തകർക്കും ആസ്വാദകർക്കും പരിചയപ്പെടുത്താൻ ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

## NATIONAL MILK DAY - PATNA

ധവളവിപ്ലവം 2.0-പദ്ധതിക്ക് കീഴിൽ രാജ്യത്തുടനീളം 75,000 ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. ദേശീയ ക്ഷീര ദിനത്തോടനുബന്ധിച്ച് ബിഹാറിലെ പട്നയിൽ നടന്ന ദേശീയതല ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ധവളവിപ്ലവത്തിൻറെ രണ്ടാം ഘട്ടത്തിൽ, ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നതായി അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും കന്നുകാലി-ക്ഷീര മേഖലയെ സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതിയും ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനവും അദ്ദേഹം ചടങ്ങിൽ നിർവഹിച്ചു.

## DIPLOMATIC MISSIONS 26/11

മുംബൈ ഭീകരാക്രമണത്തിൻറെ 18-ാം വാർഷികത്തിൽ, ഇരകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ച് വിവിധ നയതന്ത്ര കാര്യാലയങ്ങൾ. ഫ്രഞ്ച്, ഇറാൻ, അർജന്റീന എംബസികൾ ഭീകരവാദത്തിനെതിരെ ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. 2008 നവംബർ 26 മുതൽ 29 വരെ ലഷ്കർ-ഇ-തൊയ്ബ ഭീകരർ നടത്തിയ ആക്രമണത്തിൽ 166 പേർ കൊല്ലപ്പെടുകയും 300-ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

## JAISHANKAR MEETINGS

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സീഷെൽസ്, മൗറീഷ്യസ് രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി  ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ആരോഗ്യം, കണക്റ്റിവിറ്റി, ഊർജ്ജം, സൈബർ സുരക്ഷ എന്നീ മേഖലകളിൽ ഇന്ത്യ -സീഷെൽസ് പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചു ചർച്ചകൾ നടന്നു.